MS 2 MM 101

# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

## ക്ലാസ് 10 മലയാളം ( കേരള പാഠാവലി )

### ഒറ്റവാക്കിൽ ഉത്തരം എഴുതുക

1 .മാതൃക ശ്രദ്ധിക്കുക :

മാനസതാര് – മാനസമാകുന്ന താര്

ഇത് പോലെ വിഗ്രഹിക്കാവുന്ന പദം ചുവടെയുള്ളവയിൽ നിന്ന് കണ്ടെത്തുക

വാത്സല്യപൂരം

കാലാഹി

സ്വപ്നസമാനം

2.മുക്തിക്ക് വിഘ്നം വരുത്തുവാൻ എത്രയും ശക്തിയുള്ളത് ഏത് ?

3.'മോഹൈക ഹന്ത്രിയായുള്ളത് ' എന്താണെന്നാണ് ശ്രീരാമൻ പറയുന്നത് ?

4.'നന്നല്ല ദേഹം നിമിത്തം മഹാമോഹം' ജീവിതത്തെ കുറിച്ചുള്ള എന്ത് സന്ദേശമാണ് ഇതിൽ നിന്നും ലഭിക്കുന്നത് ?

### ഇരു വാക്യത്തിൽ ഉത്തരം എഴുതുക

5.കാമം ,ക്രോധം ,ലോഭം ,മോഹം എന്നീ ഘടകപദങ്ങൾ ചേർന്നാണ് 'കാമക്രോധലോഭമോഹാദികൾ' എന്ന പദം രൂപപ്പെട്ടത് . ഇത് പോലെ

'മാതാപിതൃ ഭ്രാതൃമിത്രസഖികൾ' എന്ന പദസഞ്ചയത്തിലെ ഘടകപദങ്ങൾ വേർതിരിച്ചെഴുതുക

6. പട്ടിക പൂർത്തിയാക്കു

| അവിദ്യ | വിദ്യ |
|---|---|
| മോഹമാതാവ് | |
| ഞാൻ ദേഹമാണ് എന്ന ചിന്തയ്ക്ക് കാരണം | |
| സംസാരകാരിണി | |

TVM EDL DIST

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക**

**7 .കുറിപ്പ് തയ്യാറാക്കുക**

ശ്രീരാമൻ ലക്ഷ്മണനെ സാന്ത്വനിപ്പിക്കുന്നതിനായി സ്വീകരിച്ച മാർഗ്ഗത്തിന്റെ സവിശേഷതകളെക്കുറിച്ചു കുറിപ്പ് തയ്യാറാക്കുക

8 . ചക്ഷു:ശ്രവണ ഗളസ്ഥമാം ദർദുരം

ഭക്ഷണത്തിന്നപേക്ഷിക്കുന്നത് പോലെ

കാലാഹിനാ പരിഗ്രസ്തമാം ലോകവും

ആലോലചേതസാ ഭോഗങ്ങൾ തേടുന്നു

'കാലാഹി ' എന്ന പ്രയോഗത്തിന്റെ ഔചിത്യം വിശകലനം ചെയ്യുക

**ഔചിത്യ വിശകലനം - സൂചകങ്ങൾ**

- ആശയം വ്യക്തമാക്കുക
- സന്ദർഭത്തിന്റെ പ്രത്യേകത
- ആഖ്യാന രീതി
- ഉചിതമായ ഭാഷ

9. 'നന്നല്ല ദേഹം നിമിത്തം

മഹാമോഹം' – ശ്രീരാമന്റെ വാക്കുകൾ ലക്ഷ്മണനോടു മാത്രമല്ല ഓരോ വായനക്കാരനോടും

കൂടിയാണ്. പാഠസന്ദർഭത്തി ന്റെ സമകാലിക പ്രസക്തി ചർച്ച ചെയ്യുക.

10 . പാന്ഥർ പെരുവഴിയമ്പലം തന്നിലേ

താന്തരായ് കൂടി വിയോഗം വരും പോലെ

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു–

മെത്രയും ചഞ്ചലമാലയ സംഗമം

ഈ വരികളിലെ ചമൽക്കാര ഭംഗി വിവരിക്കുക

**ചമൽക്കാര ഭംഗി - സൂചകങ്ങൾ**

* വരികളുടെ ആശയം

* പ്രയോഗഭംഗി

* സ്വന്തം നിരീക്ഷണം

* ഉചിതമായ ഭാഷ

TVM EDL DIST

**ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക**

11 .മുഖപ്രസംഗം തയ്യാറാക്കുക

'ക്രോധം പരിത്യജിക്കേണം ബുധജനം' ഈ വാക്യത്തിന്റെ കാലിക പ്രസക്തി വിലയിരുത്തി മുഖപ്രസംഗം തയ്യാറാക്കുക

**മുഖപ്രസംഗം സൂചകങ്ങൾ**

- **തലക്കെട്ട്** **വിഷയാവതരണം** **വിഷയവിവരണം**
- **പരിഹാരനിർദേശം** **ഭാഷാ ശുദ്ധി** **ഖണ്ഡികാകരണം**

TVM EDL DIST